# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.05.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ അതിർത്തി മേഖലയിൽ കനത്ത ജാഗ്രത. നിയന്ത്രണരേഖയ്ക്ക് സമീപം 26 ഇടത്ത് ഡ്രോണുകൾ ദൃശ്യമായി. പാക് പ്രകോപനത്തിന് ശക്തമായ തിരിച്ചടി നൽകി ഇന്ത്യ.

   **High alert in the country's border areas. Drones have been sighted at 26 locations near the Line of Control. India gave a strong response to Pakistan's provocation.**

2. അതിർത്തി മേഖലയിൽ സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ രാജ്യത്തുടനീളമുള്ള 32 വിമാനത്താവളങ്ങൾ ഈ മാസം 15 വരെ താൽക്കാലികമായി അടച്ചിടുമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ.

   **The Airports Authority of India has announced the temporary closure of 32 airports across India for all civil flight operations till the 15th of this month.**

3. ദേശീയ സുരക്ഷ മുൻനിർത്തി, വാർത്തകളുടെ വസ്തുത പരിശോധിക്കുന്നതിന് മുൻഗണന നൽകാൻ മാധ്യമങ്ങളോട് കേന്ദ്ര സർക്കാർ.

   **With regard to national security the central government has asked the media units to prioritize fact-checking news .**

4. അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട സിവിൽ ഡിഫെൻസ് തയ്യാറെടുപ്പുകൾ സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് കേന്ദ്രം നിർദേശം നൽകി.

   **The Center has issued instructions to states regarding civil defense preparations to be taken in emergency situations.**

5. രാജ്യം വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ ഏത് പ്രതിസന്ധിയെയും നേരിടാൻ പൂർണ്ണ സജ്ജരായിരിക്കണമെന്ന് ബാങ്കുകൾളോട് നിർദേശിച്ച് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ.

**Union Finance Minister Nirmala Sitharaman has instructed banks to be fully prepared to deal with any crisis as the country faces challenges.**

6. കേന്ദ്ര ഗ്രാമവികസന സഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി ഇന്ന് കേരളത്തിൽ. തിരുവനന്തപുരത്ത് വിവധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

**Union Minister of State for Rural Development Chandrashekhar Pemmasani is in Kerala today. He will participate in various programs in Thiruvananthapuram.**

&&&&&&&&&&&&&&&&&&

## HEAD LINES – 1

## PAK -DRONES

രാജ്യത്തെ അതിർത്തി മേഖലയിൽ പാക് പ്രകോപനം തുടരുന്ന സാഹചര്യത്തിൽ പ്രദേശങ്ങളിൽ ശക്തമായ ജാഗ്രത. ഡ്രോണുകൾ ഉൾപ്പെടെയുള്ളവയെ പ്രതിരോധിക്കുന്നതിന് ഇന്ത്യൻ സായുധസേന കനത്ത ജാഗ്രത പുലർത്തുന്നുണ്ട്. ജമ്മുകശ്മീരിലെ ബാരാമുള്ള മുതൽ ഗുജറാത്തിലെ ഭുജ് വരെയുള്ള പ്രദേശങ്ങൾക്കിടയിൽ ഇന്നലെ 26 ഇടത്ത് നിയന്ത്രണരേഖയ്ക്ക് സമീപം ഡ്രോണുകൾ ദൃശ്യമായി. സൈനികത്താവളങ്ങളെയും സാധാരണ ജനങ്ങളെയും ലക്ഷ്യം വച്ചുള്ള ഡ്രോണുകളായിരുന്നു ഇവയെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിക്കുന്നുണ്ട്. ഫിറോസ്പൂരിലെ ജനവാസ മേഖലയിൽ ഉണ്ടായ ഡ്രോൺ ആക്രമണത്തിൽ ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് സാരമായ പരിക്കേറ്റു. അതിർത്തി മേഖലയിൽ താമസിക്കുന്ന ജനങ്ങൾ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്. അത്യാവശ്യഘട്ടങ്ങളിലല്ലാതെ വീടിനുപുറത്ത് ഇറങ്ങരുതെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&&

## HEAD LINES – 3

## HMIB MEETING

ദേശീയ സുരക്ഷ സംബന്ധിച്ച വാർത്തകൾ നൽകുന്നതുമായി ബന്ധപ്പെട്ട് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം മാധ്യമ പ്രതിനിധികളുടെ യോഗം ചേർന്നു. ടെലിവിഷൻ, സമൂഹമാധ്യമങ്ങൾ തുടങ്ങിയവയിലൂടെ പ്രചരിക്കുന്ന വാർത്തകളുടെ വസ്തുത പരിശോധിക്കുന്നതിന് മുൻഗണന നൽകാൻ പ്രതിനിധികൾക്ക് നിർദ്ദേശം നൽകി. കൂടാതെ എല്ലാ മാധ്യമങ്ങളും ലേഖകരിൽ നിന്ന് ലഭിക്കുന്ന ആധികാരിക വാർത്തകൾ, ഫോട്ടോഗ്രാഫുകൾ, വീഡിയോകൾ തുടങ്ങിയവ വാർറൂമിലെ പ്രതിനിധികളുമായി പങ്കിടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## HEAD LINES – 2

## AAI

അതിർത്തി മേഖലയിൽ സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ രാജ്യത്തുടനീളമുള്ള 32 വിമാനത്താവളങ്ങൾ ഈ മാസം 15 വരെ താൽക്കാലികമായി അടച്ചിടുമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചു. അമൃത്സർ, ചണ്ഡീഗഢ്, ജമ്മു, ശ്രീനഗർ, ഭുജ്, ജാംനഗർ, ജയ്സാൽമീർ, പഠാൻകോട്ട് തുടങ്ങിയ പ്രധാന സ്ഥലങ്ങളിലെ വിമാനത്താവളങ്ങളും ഇതിൽ ഉൾപ്പെടുന്നു. അതേസമയം, ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം സാധാരണ നിലയിൽ ആയതായി അധികൃതർ അറിയിച്ചു. എന്നാൽ വിമാനങ്ങളുടെ സമയക്രമീകരണത്തിൽ മാറ്റം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ യാത്രക്കാർ അതത് എയർലൈൻസുകളുമായി ബന്ധപ്പെടണമെന്നും വിമാനത്താവളങ്ങളിലെ സുരക്ഷാ നടപടികളുമായി സഹകരിക്കണമെന്നും നിർദേശമുണ്ട്.

## VIKRAM MISRI (INTRO)

ഇന്ത്യൻ നഗരങ്ങളെയും, സൈനിക സംവിധാനങ്ങളെയും, ജനവാസകേന്ദ്രങ്ങളെയും ലക്ഷ്യമിട്ടാണ് പാകിസ്ഥാൻ ആക്രമണം നടത്തുന്നതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി. വിദേശകാര്യമന്ത്രാലയവും സൈനികവൃത്തങ്ങളും ന്യൂഡൽഹിയിൽ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ 36 ഇടങ്ങളിൽ 400 ഓളം ഡ്രോണുകൾ ഉപയോഗിച്ച് പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണ ശ്രമം ഇന്ത്യൻ സേന ചെറുത്തതായി അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യയുടെ പടിഞ്ഞാറൻ അതിർത്തിയിൽ പലതവണ പാകിസ്ഥാൻ വ്യോമപാത ലംഘിച്ചതായും സേനാ അടിസ്ഥാന സൗകര്യങ്ങളെ ലക്ഷ്യമിട്ടായിരുന്നു നീക്കമെന്നും കേണൽ സോഫിയ ഖുറേഷി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ആക്രമണത്തിന് മറുപടിയായി പാകിസ്ഥാനിലെ നാല് പ്രതിരോധ മേഖലകളിൽ ഇന്ത്യ ഡ്രോൺ ആക്രമണം നടത്തിയതായി വിങ് കമാൻഡർ വ്യോമികാ സിങ് അറിയിച്ചു. ഒരു ഡ്രോണിന് പാകിസ്ഥാൻറെ വ്യോമ പ്രതിരോധ റഡാർ തകർക്കാൻ സാധിച്ചതായും വിങ് കമാൻഡർ വ്യക്തമാക്കി. (വോയിസ്)

&&&&&&&&&&&&&&&&&&

## HEAD LINES – 4

## KSDMA INSTRUCTIONS

അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട സിവിൽ ഡിഫെൻസ് തയ്യാറെടുപ്പുകൾ സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് കേന്ദ്രം നിർദേശം നൽകി. വ്യോമാക്രമണ സാധ്യത കണക്കിലെടുത്ത് മുന്നറിയിപ്പ് സയറൺ മുഴങ്ങുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലും, നടപടികളും സംബന്ധിച്ച നിർദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി പുറത്തിറക്കി. സൈറൺ കേട്ടാൽ ഉടൻ ഒരാഴ്ച ഭക്ഷണം തയ്യാറാക്കാൻ ആവശ്യമായ പലവ്യഞ്ജനങ്ങൾ, എണ്ണ, ഗ്യാസ് എന്നിവ കരുതുക. വെള്ളവും, ഭക്ഷണവും, അടിസ്ഥാന മരുന്നുകളും അടങ്ങിയ എമർജൻസി കിറ്റ്

തയ്യാറാക്കേണ്ടതാണ്. 90 സെക്കൻഡ് നീണ്ട സയറൺ അപകട സൂചനയും 30 സെക്കണ്ടുള്ള സൈറൺ സുരക്ഷിതമാണെന്ന സൂചനയുമാണ്.

&&&&&&&&&&&&&&&&&&

## PIB

രാജസ്ഥാനിലെ ജയ്പൂർ വിമാനത്താവളത്തിൽ സ്‌ഫോടനശബ്ദം കേട്ടെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത തെറ്റാണെന്ന് കേന്ദ്രസർക്കാർ. ഡൽഹിയ്ക്കും മുംബൈയ്ക്കുമിടയിലെ വ്യോമപാത താല്ക്കാലികമായി അടച്ചെന്നും വിമാനങ്ങൾ വഴിതിരിച്ച് വിടുന്നെന്ന തരത്തിലുള്ള വാർത്തകളും വ്യാജമാണെന്ന് പിഐബി ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

## GUJARAT– PREPAREDNESS

ഇന്ത്യയും പാകിസ്ഥാനും തമ്മിൽ സംഘർഷം തുടരുന്ന സാഹചര്യത്തിൽ, അതിർത്തി പ്രദേശങ്ങളിൽ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, അവശ്യവസ്തുക്കളുടെ വിതരണം, വില നിയന്ത്രണം എന്നിവ ഉറപ്പാക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിച്ച് ഗുജറാത്ത് സർക്കാർ. മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ ഇന്നലെ രാത്രി ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്തു. പാകിസ്ഥാനുമായി കര, സമുദ്ര അതിർത്തികൾ പങ്കിടുന്ന ഏക സംസ്ഥാനമായതിനാൽ കനത്ത ജാഗ്രതയാണ് ഗുജറാത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്. കച്ചിലേക്ക് പോകുന്ന നിരവധി ട്രെയിനുകൾ റദ്ദാക്കിയിട്ടുണ്ട്, ഗുജറാത്തിലെ ഏഴ് വിമാനത്താവളങ്ങൾ ഈ മാസം 15 വരെ അടച്ചിടും.

&&&&&&&&&&&&&&&&&&

## HEAD LINES – 5

## NIRMALA SITARAMAN

പൊതു, സ്വകാര്യ മേഖലാ ബാങ്കുകളുടെയും ഇൻഷുറൻസ് കമ്പനികളുടെയും മേധാവികളുമായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ കൂടിക്കാഴ്ച നടത്തി. രാജ്യം വെല്ലുവിളി നേരിടുന്ന ഈ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിരത

ഉറപ്പാക്കുന്നതിൽ ബാങ്കിംഗ്, സാമ്പത്തിക മേഖലയ്ക്ക് നിർണായക പങ്കുണ്ടെന്ന് ധനമന്ത്രി പറഞ്ഞു. ഏത് പ്രതിസന്ധിയെയും നേരിടാൻ പൂർണ്ണ സജ്ജരായിരിക്കാനും ജാഗ്രത പാലിക്കാനും കേന്ദ്രമന്ത്രി എല്ലാ ബാങ്കുകളോടും നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

## SHIVRAJ FOOD RESERVES ( INTRO )

രാജ്യത്ത് അടിയന്തര സാഹചര്യം നേരിടാൻ ആവശ്യമായ ഭക്ഷ്യ ശേഖരമുണ്ടെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പൊതുജനങ്ങൾ ശാന്തത പാലിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ജമ്മു, കശ്മീർ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി ചർച്ച ചെയ്ത് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുമെന്നും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

( വോയിസ്..... )

&&&&&&&&&&&&&&&&&&

## HEAD LINES – 6

## MOS

കേന്ദ്ര ഗ്രാമവികസന സഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി ഇന്ന് കേരളത്തിലെത്തും. തിരുവനന്തപുരം കനകക്കുന്നിൽ മൻ കി ബാത്ത് ക്വിസ് നാലാം പതിപ്പിലെ വിജയികളെ അനുമോദിക്കുന്ന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. വർക്കലയിൽ പുതുതായി നിർമ്മിച്ച സബ് തപാൽ ഓഫീസും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## ASHWINI VAISHNAW

ഇന്ത്യ - പാക് സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ റെയിൽവേ ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അവലോകനം ചെയ്തു. വിവിധ സർക്കാർ ഏജൻസികളുമായി ഏകോപിപ്പിച്ച് അതിർത്തി പ്രദേശങ്ങളിലേക്ക് ട്രെയിൻ സർവീസ് നടത്താൻ റെയിൽവേ ഉദ്യോഗസ്ഥർക്ക് ശ്രീ വൈഷ്ണവ് നിർദ്ദേശം നൽകി.

ആവശ്യമെങ്കിൽ പ്രത്യേക സർവീസുകളും ഏർപ്പെടുത്തണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PAKISTAN - AIRSPACE

പാകിസ്ഥാൻ വ്യോമാതിർത്തി ഇന്ന് ഉച്ചയ്ക്ക് 12 മണി വരെ അടച്ചിടുമെന്ന അറിയിപ്പിനെ തുടർന്ന് എല്ലാ വാണിജ്യ വിമാന സർവീസുകളും നിർത്തിവച്ചു. പെഷവാറിലേക്കുള്ള പാകിസ്ഥാൻ ഇന്റർനാഷണൽ എയർലൈൻസിന്റെ PIA218 വിമാനമാണ് പാക് വ്യോമാതിർത്തിയിലൂടെ കടന്നു പോയ അവസാന വിമാനം. ബലൂചിസ്ഥാനിലെ ക്വറ്റയ്ക്ക് മുകളിൽ പറന്ന PIA വിമാനം അടിയന്തര ലാൻഡിംഗ് നടത്തുകയായിരുന്നു.

&&&&&&&&&&&&&&&&&&

## ARMY MEETING

ഇന്ത്യാ - പാക് അതിർത്തി മേഖലയിലെ നിലവിലെ സാഹചര്യം വിശദീകരിക്കാൻ രാവിലെ വാർത്താ സമ്മേളനം ഉണ്ടാകുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## IMF INDIA

പാകിസ്ഥാന് കൂടുതൽ ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുന്ന അന്താരാഷ്ട്ര നാണയ നിധിയുടെ ബോർഡ് യോഗത്തിലെ വോട്ടെടുപ്പിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കായി പാകിസ്ഥാൻ ധനസഹായ ഫണ്ടുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത സംബന്ധിച്ച് ഇന്ത്യ ആശങ്കകൾ ഉന്നയിച്ചു. ഐ.എം.എഫിൽ നിന്ന് ദീർഘകാലമായി കടം വാങ്ങുന്ന രാജ്യമാണ് പാകിസ്ഥാൻ.

&&&&&&&&&&&&&&&&&&

## MINISTERS MEETING

'ഓപ്പറേഷൻ സിന്ദൂറി'ന്റെ പശ്ചാത്തലത്തിൽ കേരള സർക്കാരിൻറെ നാലാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ഇന്ന് മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ

പരിപാടികളും മറ്റൊരു സമയത്തേക്ക് മാറ്റാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. സംസ്ഥാന - ജില്ലാതലങ്ങളിൽ മുഖ്യമന്ത്രി നേരിട്ട് പങ്കെടുക്കുന്ന 'മുഖാമുഖം' പരിപാടികൾ, 'എന്റെ കേരളം' പ്രദർശന-വിപണന മേളകൾ, കലാപരിപാടികൾ, തുടങ്ങിയവ മാറ്റിവച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പ്രദർശന-വിപണന മേളകൾ നിശ്ചയിച്ച തീയതി വരെ തുടരും. എന്നാൽ, കലാപരിപാടികൾ ഉണ്ടാവുകയില്ല.

&&&&&&&&&&&&&&&&&&

## STALIN – SUPPORT RALLY

പാകിസ്ഥാൻറെ ഭീകരാക്രമണത്തിനെതിരെയും ഇന്ത്യൻ സൈന്യത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനായും തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിന്റെ നേതൃത്വത്തിൽ നാളെ ചെന്നൈയിൽ റാലി നടത്തും . പാകിസ്ഥാൻറെ നിയമ ലംഘനങ്ങൾക്കും ഭീകരാക്രമണങ്ങൾക്കുമെതിരെ ധീരമായ നടപടികൾ സ്വീകരിക്കുന്ന ഇന്ത്യൻ സൈന്യത്തിന് ഐക്യവും പിന്തുണയും പ്രകടിപ്പിക്കേണ്ട സമയമാണിതെന്ന് ശ്രീ. സ്റ്റാലിൻ പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&